**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2131** **26-10-2026-ൽ മറുപടിയ്ക്ക്**

**നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ പ്രത്യേക ഡിസൈൻ വിംഗ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** പൊതുമരാമത്തു വകുപ്പിന് സമാനമായ രീതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിനും പ്രത്യേക ഡിസൈൻ വിംഗ് രൂപീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** ഉണ്ട്. നിലവിൽ അംഗീകൃത എഞ്ചിനീയറിംഗ് കോളേജുകൾ/ഏജൻസികൾ മുഖേന ഡിസൈനും ഇൻവെസ്റ്റിഗേഷനും ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിലും, തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എണ്ണം കൂടുതലായതിനാൽ ഡിസൈൻ, സോയിൽ ഇൻവെസ്റ്റിഗേഷൻ, സാങ്കേതിക പരിശോധന എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും, പ്രവൃത്തികളുടെ നിർവ്വഹണം വേഗത്തിലാക്കുന്നതിനും, ഗുണനിലവാരം ഉറപ്പാക്കുന്നതിനും പ്രത്യേക വിംഗ് രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് കണ്ടതിനാലും, തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ പൊതുമരാമത്ത് വകുപ്പിന് സമാനമായി പ്രത്യേക ഡിസൈൻ വിംഗ് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ഡിസൈനിംഗിന്റെ ഭാഗമായ Investigation, Design, Quality Control, Major Projects, Internal Audit, Vetting പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, സംസ്ഥാനതലത്തിൽ ചീഫ് എഞ്ചിനീയറുടെയും ജില്ലാതലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും നേതൃത്വത്തിൽ ഓഫീസ് സംവിധാനം രൂപീകരിക്കുന്ന വിഷയം സുന്ദരൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**